കേരള സർക്കാർ

# പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(ബി.പി.)2122/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:15/12/2017

ജോയിന്റ് ഡയറക്ടർ

.

പ്രസിഡന്റ്
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ളോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.-ഇകെഎം(ബി.പി.)2122/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271

email:-doekm.ksad@kerala.gov.in

തീയതി:15/12/2017

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.02.2017 മുതൽ 03.11.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ളോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യാ ബാലകൃഷ്ണൻ ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 03.11.2017 മുതൽ 09.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീമതി കവിതാദേവി വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശ്രീജിത്ത് സി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ബെന്നി സെബാസ്റ്റ്യൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷീന സെബാസ്റ്റ്യൻ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ.എസ്.ബി.ചന്ദ്രശേഖര വാര്യർ | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീ ഷിബു മൂലൻ | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി സന്ധ്യ നാരായണ പിള്ള | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. കെ.കെ.രാജപ്പൻ ( ജോയിന്റ് ബി.ഡി.ഒ., ഇൻചാർജ്ജ്) | 1.4.2016 | 03.04.2016 |
| | ശ്രീ. എൻ.ഗോപാലകൃഷ്ണൻ നായർ | 04.04.2016 | 09.01.2017 |
| | ശ്രീ. കെ.കെ.രാജപ്പൻ ( ജോയിന്റ് ബി.ഡി.ഒ., ഇൻചാർജ്ജ്) | 10.01.2017 | 25.01.2017 |
| | ശ്രീ. എൻ.ഗോപാലകൃഷ്ണൻ നായർ | 26.01.2017 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | ശ്രീമതി സൈജ ജോസ് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെങ്ങമനാട്) | ഡോ.എലിസബത്ത് റ്റി.പി.(സിവിൽ സർജൻ) | 01.04.2016 | 25.07.2016 |
| | ഡോ.സൂസൻ ജോസഫ് (അസിസ്റ്റന്റ് സർജൻ) | 26.07.2016 | 15.08.2016 |
| | ഡോ.എലിസബത്ത് റ്റി.പി. | 16.08.2016 | 13.11.2016 |
| | ഡോ.പ്രസലിൻ ജോർജ് | 14.11.2016 | 05.12.2016 |
| | ഡോ.എലിസബത്ത് റ്റി.പി. | 06.12.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, പുത്തൻവേലിക്കര ) | ഡോ.സജി എം.പി. (സൂപ്രണ്ട്) | 01.04.2016 | 31.03.2017 |
| ശിശു ക്ഷേമ വികസന ഓഫീസർ | ശ്രീമതി അനീസ ബീഗം | 01.04.2016 | 31.05.2016 |
| | ശ്രീമതി ലൈസ പി.ആർ. (ഇൻചാർജ്ജ്) | 31.05.2016 | 26.07.2016 |
| | ശ്രീമതി പിങ്കി കെ അഗസ്റ്റിൻ | 26.07.2016 | 14.12.2016 |
| | ശ്രീമതി രജനി ജി. | 15.12.2016 | 31.03.2017 |

| | | | |
|---|---|---|---|
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജാസ്മിൻ കെ.എ. | 01.04.2016 | 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. സി.പി.അഗസ്റ്റിൻ | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഇ.എ.മുഹമ്മദ് അബ്ദു റഹിമാൻ | 01.04.2016 | 31.12.2016 |
| | ശ്രീ ശിവപ്രസാദ്.പി.യു | 01.01.2017 | 10.03.2017 |
| | ശ്രീ സാജൻ കെ.റ്റി | 11.03.2017 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജൂണി ജോസ് റോഡ്രിഗ്സ് | 01.04.2016 | 30.06.2016 |
| | ശ്രീ. ബി.വി.സ്വാമിനാഥൻ | 01.07.2016 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 | |
| 10 | 2016-17 ലെ ബജറ്റ് അപാകതകൾ. | 2-1 |
| 11 | വരവുകളുമായി ബന്ധപ്പെട്ട അപാകതകൾ | 2-2 |
| 12 | ഇ- ടെണ്ടർ - ഫോറം വില - ലഭിക്കുന്നില്ല | 2-3 |
| | ഭാഗം- 3 | |
| 13 | പദ്ധതി മാർഗ്ഗ രേഖ അച്ചടിച്ച് നൽകിയതിലെ അപാകത | 3-1 |
| 14 | സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകത - 3085000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 15 | കാലതാമസത്തിന് നിയമാനുസൃതം പിഴ/കോമ്പൻസേഷൻ ഈടാക്കിയില്ല | 3-3 |
| 16 | മരാമത്ത്പണികൾ- അപാകതകൾ | 3-4 |

| | | |
|---|---|---|
| 17 | ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലെ അപാകതകൾ | 3-5 |
| 18 | ഐ.എ.വൈ പദ്ധതിയിലെ ക്രമക്കേടുകൾ | 3-6 |
| 19 | വനിത റസിഡൻഷ്യൽ ട്രയിനിംഗ് സെന്റർ- കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-7 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 30 | ഐ.എ.വൈ പദ്ധതിയിലെ തുക മുഴുവൻ കൈപ്പറ്റാത്തവർ | അനുബന്ധം.2 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 27.02.2016 തിയതിയിൽ അംഗീകരിച്ചു. ബജറ്റു പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവുകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | യഥാർത്ഥ ത്തിലുള്ളത് (₹) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 158,44,03,200 | 7,05,27,294 | -151,38,75,906 | 95.55 |

| | | | | |
|---|---|---|---|---|
| ചെലവ് | 154,37,54,000 | 7,20,94,132 | -147,16,59,868 | 95.33 |

ബജറ്റുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 06.07.2017 |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. അപാകതയില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ബാലൻസ് ഷീറ്റ്, ഇൻകം&എക്സ്പെൻഡിച്ചർ, റെസീപ്റ്റ് & പേയ്മെന്റ് എന്നിവ അനുബന്ധം 2,3,4 ആയി ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,20,34,669 |
| വരവ് | 7,05,27,294 |
| ആകെ | 10,25,61,963 |
| ചെലവ് | 7,20,94,132 |
| നീക്കിയിരിപ്പ് | 3,04,67,831 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം | തൻവർഷ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,29,17,281 | 1,33,46,003 | 58.23 |
| വികസനഫണ്ട് എസ്.സി.പി. | 1,20,92,706 | 95,00,014 | 78.56 |
| വികസനഫണ്ട് ടി.എസ്.പി. | 67,233 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 35,71,149 | 15,83,065 | 44.33 |
| എം.എൻ.ആർ.ഇ.ജി.എസ്. | 85,368 | 85,368 | 100 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 75 | 9,68,38,117 | 38 | 2,45,78,232 | 26 | 11 | 25.38 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. വനിത സംഘങ്ങൾക്ക് പച്ചക്കറി കൃഷി

2. ഡോക്യുമെന്റേഷൻ ജനകീയാസൂത്രണം

3. പത്താം ക്ളാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ

4. എട്ടാം ക്ളാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ മേശയും കസേരയും

5. പൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

വാർഷിക പദ്ധതി അടങ്കലിന്റെ നാലിൽ ഒന്ന് മാത്രമാണ് ചെലവാക്കാനായത് എന്നത് പദ്ധതി നിർവ്വഹണത്തിന്റെ പരാജയമായി കാണാവുന്നതാണ്. ഈ അപാകത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-6 തനത് വരുമാനം

ടെണ്ടർഫോം വിൽപ്പന,ബാങ്ക് പലിശ, വാടക എന്നീ ഇനങ്ങളിലായി ലഭിച്ച 35,440 രൂപയാണ് തൻവർഷം തനത് വരുമാനമായി കണക്കാക്കാവുന്നത്.

## 1-7 കാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 08.11.2017 ന് നടത്തി. സ്ഥാപനത്തിൽ വരവുകളൊന്നും ഉണ്ടായിരുന്നില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളും കണ്ടിജന്റ് വൗച്ചറുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രോജക്ക്റ്റ് രജിസ്റ്ററിൽ പ്രോജക്ക്റ്റ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2016 മുതൽ 30.04.2016 വരെ | 2015 – 16 | 14.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2015 മുതൽ 16.07.2015 വരെ | 01.07.2013 – 30.06.2015 | 13.08.2015 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016-17 ബജറ്റിലെ അപാകതകൾ.

പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയ ബജറ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിക്ക് 12 കോടി പ്രതീക്ഷിച്ചതായി കാണുന്നു.തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾ നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക കണക്കുകളിലാണ് ഉൾപ്പെടുത്തി വരുന്നത്. ലേബർ ബജറ്റ് തയ്യാറാക്കുന്നതടക്കമുള്ള ഏതാണ്ട് എല്ലാ പ്രവൃത്തികളും നിർവഹിക്കുന്നത് ഗ്രാമ പഞ്ചായത്താണ്. ഇത് പഞ്ചായത്തിന്റെ ബജറ്റിൽ ഉൾപ്പെടുന്നുമുണ്ട്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകിയ ഇനത്തിൽ 85,368 രൂപ മാത്രമാണ് ബ്ളോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്നത്. ഗ്രാമ പഞ്ചായത്ത്

തങ്ങളുടെ ബജറ്റിൽ ഉൾപ്പെടുത്തുന്ന അതേ തുക ബ്ലോക്ക് പഞ്ചായത്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

2. ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമാണ്. പി.എം.കെ.എസ്.വൈക്ക് മൊത്തം തുക ബജറ്റിൽ പ്രതീക്ഷിച്ച സ്ഥിതിക്ക് മേൽ പദ്ധതിക്ക് പ്രത്യേകമായി ബജറ്റ് വിഹിതം വകയിരുത്തേണ്ടതില്ല. ഐ.ഡബ്ളിയു.എം.പി. എന്ന പ്രൊജക്റ്റിന് 2016-17 ൽ 14 പ്രവൃത്തികൾക്കും 2017-18 ൽ 25 പ്രവൃത്തികൾക്കും വേണ്ടി ഡിറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടിൽ തയ്യാറാക്കിയ തുകയാണ് 2016-17 ൽ മാത്രം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

3. പട്ടികജാതി വകുപ്പിൽ നിന്ന് ബജറ്റിൽ പ്രതീക്ഷിച്ചിരിക്കുന്നത് 2,51,20,000 രൂപയാണ്. എന്നാൽ പട്ടിക ജാതി വകുപ്പിൽ നിന്നും നേരിട്ട് നൽകുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് 3,30,00,000 രൂപ പ്രതീക്ഷിച്ചതായി കാണുന്നു.സി.ഡി.പി.ഒ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം അടക്കമുള്ള ഡിപ്പാർട്ട്മെന്റ് നേരിട്ട് ചെലവഴിക്കുന്ന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ബജറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ബ്ളോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ പ്രൊജക്റ്റ് വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ചും കണ്ടിജന്റ് ചെലവുകൾ ഉണ്ടെങ്കിൽ ആയതും മാത്രമേ ബജറ്റിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ.

4. കേന്ദ്ര സഹായമായി 2,00,00,000 രൂപ പ്രതീക്ഷിച്ചതായി കാണുന്നു. ഇതിൽ രാഷ്ട്രീയ കൃഷി വികാസ് യോജന, മഹിള കിസാൻ ശക്തീകരൺ പരിയോജന എന്ന ഡിപ്പാർട്ട്മെന്റുകൾ വഴി നേരിട്ട് നിർവ്വഹണം നടത്തുന്ന കേന്ദ്ര പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നു.

5. കഷി വകുപ്പിൽ നിന്ന് 125,33,80,000 രൂപ എന്ന അവിശ്വസനീയമായ തുക പ്രതീക്ഷിച്ചതായി കാണുന്നു. ഇതിൽ 120 കോടി രൂപ പ്രധാമന്ത്രി കൃഷി സിഞ്ചായി യോജന എന്ന കേന്ദ്ര പദ്ധതിയിൽ നിന്നാണെന്ന് കാണുന്നു.2016-17 ലെ കേന്ദ്ര ബജറ്റിൽ ഇന്ത്യയൊട്ടാകെ പ്രസ്തുത പദ്ധതിക്ക് നീക്കി വച്ചിരിക്കുന്നത് 5,767.13 കോടി രൂപയാണ്. കേരള സർക്കാരിന്റെ ബജറ്റിൽ 36 കോടിയാണ് കേന്ദ്രസഹായമായി പ്രതീക്ഷിച്ചിരുന്നത്. മേൽ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന നിലയിലാണ്. അതായത് കേരളമൊട്ടാകെ 60 കോടി രൂപയാണ് മേൽ പദ്ധതിക്ക് വേണ്ടി കേരളസർക്കാർ പ്രതീക്ഷിച്ചിരുന്നത്. ഇതിന്റെ ഇരട്ടിയാണ് പാറക്കടവ് ബ്ളോക്ക് പ്രതീക്ഷിച്ചിരിക്കുന്നത്. മാഞ്ഞാലി തോട് പുനരുദ്ധാരണം പോലുള്ള സംസ്ഥാന പദ്ധതികൾ പോലും കൃഷിയുമായി ബന്ധപ്പെട്ട് ബജറ്റിൽ ഇടം നേടിയിരിക്കുന്നു.

കൃത്യമായ കണക്കുകൾ ലഭ്യമാക്കാതെ, മുൻ വർഷച്ചെലവുകൾ പഠിക്കാതെ, വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളും നിർവ്വഹണ രീതികളും ഉൾക്കൊള്ളാതെ തയ്യാറാക്കിയ ബജറ്റാണെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്ന് പ്രത്യക്ഷമായ വ്യതിയാനങ്ങൾ ഉള്ള ഇനങ്ങൾക്ക് വിശദമായ കുറിപ്പുകൾ ബജറ്റ് സ്റ്റേറ്റ്മെന്റിൽ ചേർക്കേണ്ടതാണ്.

## 2-2 വരവുകളുമായി ബന്ധപ്പെട്ട അപാകതകൾ

പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിൽ 2016-17 വർഷം വരവുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
1) രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ ബ്ളോക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

30/1/2017 മുതൽ 6/11/2017 വരെയുള്ള വരവുകളാണ്, ഓഡിറ്റിന് വിധേയമാക്കിയത്.ഇക്കാലത്തുപയോഗിച്ച താഴെപ്പറയുന്ന രശീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. B8945554, 8945556, 8946000 രശീതികൾ ക്യാൻസൽ ചെയ്തപ്പോൾ സെക്രട്ടറി അത് സാക്ഷ്യപ്പെടുത്തിയില്ല. വളരെക്കുറച്ച് വരവുകളുള്ള ബ്ളോക്ക് പഞ്ചായത്തിൽ രശീതികൾ, ക്യാൻസലാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ക്യാൻസലാക്കുന്ന രശീതികൾ കാരണം സഹിതം

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അതിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2) ഡേ ബുക്കും, ക്യാൻസലേഷൻ റിപ്പോർട്ടും സൂക്ഷിക്കുന്നില്ല.
പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിൽ വരവുകൾ രേഖപ്പെടുത്തുന്ന ഡേ ബുക്ക് സൂക്ഷിക്കുന്നില്ല. അതുപോലെ, വരവുകൾ രേഖപ്പെടുത്തുവാൻ കളക്ഷൻ രജിസ്റ്ററും പരിപാലിക്കുന്നില്ല. ഡേ-ബുക്കും, കളക്ഷൻ രജിസ്റ്ററും ശരിയായ രീതിയിൽ പരിപാലിക്കാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ, ക്യാൻസൽ ചെയ്ത രശീതികളുടെ വിവരങ്ങൾ വ്യക്തമാക്കുന്ന ക്യാൻസലേഷൻ റിപ്പോർട്ടും പരിപാലിക്കേണ്ടതാണ്.

## 2-3 ഇ- ടെണ്ടർ ഫോറം വില - ലഭിക്കുന്നില്ല

ഇ-ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ഫോറം വിലയായി ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2016-17 വർഷത്തിൽ ഇ-ടെണ്ടർ ഫോറ വില ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിനം. | ഫോറം വില | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1. | വാപ്പാലശ്ശേരി sc colony സംരക്ഷണം | 39/16-17 | 1050 | 6 | 6300 |
| 2 | നെൽസൺ മണ്ടേല റോഡ് | 38/16-17 | 1050 | 2 | 2100 |
| 3. | കുട്ടാലക്കടവ് റോഡ് | 67/16-17 | 1050 | 4 | 4200 |
| 4 | vpഉരുത്ത് റോഡ് | 64/16-17 | 1050 | 3 | 3150 |
| 5 | കപ്രശ്ശേരി അമ്പലം റോഡ് | 37/16-17 | 2100 | 9 | 18900 |
| 6 | പിഎം മുഹമ്മദ്റോഡ് | 33/16-17 | 1050 | 2 | 2100 |
| 7 | മനയ്ക്ക പറംപ് LI SIDE PROTECTION | 51/16-17 | 1050 | 3 | 3150 |
| 8 | പുളിയനം സ്കൂൾറോഡ് | 32/16-17 | 2100 | 3 | 6300 |
| 9 | ചെറിയവാപ്പാലശ്ശേരി കൾവർട്ട് | 34/16-17 | 1050 | 3 | 3150 |
| 10 | കൈപ്പിള്ളികുന്ന്റോഡ് | 35/16-17 | 1050 | 2 | 2100 |
| 11 | അമ്മൻകുളംചിററോഡ് | 36/16-17 | 1050 | 2 | 2100 |
| 12 | ആലപ്പടിറോഡ് | 31/16-17 | 1050 | 2 | 2100 |
| 13 | കോയിൽക്കടവ് LI | 48/16-17 | 1050 | 5 | 5250 |
| 14 | വി.ഇ.ഒ.ഓഫീസ് നവീകരണം | 55/16-17 | 1050 | 2 | 2100 |
| 15 | പരമനാശ്ശേരിക്കുന്ന്LI | 47/16-17 | 1460 | 4 | 5840 |
| 16 | ആനക്കുളംLI | 46/16-17 | 1110 | 4 | 4440 |
| 17 | ചെങ്ങമനാട് chc നവീകരണം | 44/16-17 | 2100 | 4 | 8400 |
| 18 | ോഡ്എടനാട്ക്ഷേത്രം | 56/16-17 | 1050 | 3 | 3150 |
| 19 | ആലായ്ക്കുന്ന് sc colony SIDE | 42/16-17 | 1050 | 4 | 4200 |

| | | | | | |
|---|---|---|---|---|---|
| | PROTECTION | | | | |
| 20 | മേയ്ക്കാട് sc colony SIDE PROTECTION | 40/16-17 | 1050 | 5 | 5250 |
| 21 | St.thomas up school നവീകരണം | | 2500 | 3 | 7500 |
| 22 | അംഗനവാടി നിർമ്മാണം | | 2500 | 3 | 7500 |
| 23 | പുത്തൻ വേലിക്കരchc നവീകരണം | 60/16-17 | 2500 | 2 | 5000 |
| 24 | സെററിൽമെന്റ് കോളനി നടപ്പാത കോൺക്രീററിംഗ് | 79/16-17 | 1050 | 3 | 3150 |
| 25 | ബ്ലോക്ക് പഞ്ചായത്ത് ഹാൾ | 45/16-17 | 2625 | 3 | 7875 |
| 26 | മഠതിമൂല ചെങ്ങൽ തോട് പമ്പ് ഹൗസ് നിർമ്മാണം | 50/-17 | 2020 | 3 | 6060 |
| 27 | അംപലപ്പാട് കോളനി side protection | 80/16-17 | 1050 | 3 | 3150 |
| 28 | സ്നേഹതീരം റോഡ് റീടാറിംഗ് | 38/16-17 | 1050 | 5 | 5250 |
| 29 | ചെട്ടിക്കുളം റോഡ് റീടാറിംഗ് | 38/16-17 | 2625 | 4 | 10500 |
| 30 | Computer purchase | 91/16-17 | 520 | 2 | 1040 |
| 31 | ഹാൾ ഇലക്ട്രിഫിക്കേഷൻ | | 630 | 2 | 1260 |
| 32 | മഠതിമൂല ചെങ്ങൽ തോട് LI | | 360 | 2 | 720 |
| 33 | ചിമ്മിണി പുഞ്ചറോഡ് റീടാറിംഗ് | | 1680 | 1 | 1680 |
| 34 | അംഗനവാടി നിർമ്മാണം | | 2625 | 3 | 7875 |
| 35 | അംഗനവാടി നിർമ്മാണം | | 1575 | 5 | 7875 |
| | ആകെ | | | | 170715 |

ബ്ലോക്ക് പഞ്ചായത്തിന് അർഹമായ തുക തിരികെ ലഭിയ്ക്കുന്നതിനും വാററ് അടവാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി മാർഗ്ഗരേഖ അച്ചടിച്ച് നൽകിയതിലെ അപാകത

പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിൽ 2016-17വർഷം പദ്ധതി മാർഗ്ഗരേഖ അച്ചടിച്ച് നൽകിയത് ക്വട്ടേഷൻ നടപടികൾ കൂടാതെയാണ്. ചെലവ് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| പ്രവൃത്തിയുടെ പേര് | 2016-17-പദ്ധതി മാർഗ്ഗ രേഖ അച്ചടിച്ച് നൽകൽ (250 എണ്ണം) |
|---|---|
| ചെലവ് രേഖ | കണ്ടിജന്റ് ബിൽനം.78/16-17<br>ചെക്ക് നം.1562242<br>തീയതി 25/10/2016<br>വൗച്ചർ നം.21600324<br>തീയതി 25/10/2016 |
| തുക | 18000/- |

മുകളിൽ സൂചിപ്പിച്ചതു പ്രകാരം 18000/- രൂപ എക്സൽ പ്രിന്റേഴ്സ്, വട്ടപ്പറമ്പിൽ എന്ന സ്ഥാപനത്തിനു നൽകി പ്രിന്റിങ് പ്രവർത്തികൾ നിർവ്വഹിച്ചത് ക്വട്ടേഷൻ നടപടികൾ കൂടാതെയാണ്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000/-രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നിർബന്ധമായിരിക്കെ അത്തരം മാനദണ്ഡങ്ങൾ പാലിക്കാത്തത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും, സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതുമാണ്.

## 3-2 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകത - 30,85,000/-രൂപ തടസ്സപ്പെടുത്തുന്നു.

പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിൽ 2016-17 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ചെലവഴിച്ച തുകകൾക്ക് രശീതികളും, വിനിയോഗ സാക്ഷ്യ പത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

1) പ്രോജക്ടിന്റെ പേര് – പാലിയേറ്റീവ് കെയർ (ബ്ളോക്ക് വിഹിതം) പഞ്ചായത്തുകൾക്ക് കൈമാറൽ

നം. – S0072/17

വിഭാഗം - ജനറൽ, വികസനഫണ്ട്

അടങ്കൽ - 875000/-

ചെലവ് – 875000/-

| ചെലവ് വിവരങ്ങൾ | | റിമാർക്സ് |
|---|---|---|
| ചെലവ് രേഖ | ബിൽ നം.7/16-17 തുക 150000/- തീയതി 19/12/2016 | DD No.051109 dt.05.01.2017 പ്രകാരം പാറക്കടവ് ഗ്രാമപഞ്ചായത്തിന് കൈമാറി |
| | ബിൽ നം.11/16-17 തുക 155000/- തീയതി 31/12/2016 | DD No.0515846 dt 09.01.2017 പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് കൈമാറി |
| | ബിൽ നം.16/16-17 തുക 310000/- തീയതി 31/1/2017 | DD No.821012 dt 01.02.17 പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിനും DD No.821013 dtd 01.02.2017 പ്രകാരം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിനും കൈമാറി |
| | ബിൽ | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിന് |

| | | |
|---|---|---|
| | നം.29/16-17<br>തുക 260000/-<br>തീയതി<br>8/3/2017 | അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തു |

2)
പ്രോജക്ടിന്റെ പേര് – മാലിന്യ സംസ്കരണം (ബ്ളോക്ക് വിഹിതം) പഞ്ചായത്തുകൾക്ക് കൈമാറൽ

നം. - S0074/17

വിഭാഗം – ജനറൽ, വികസനഫണ്ട്

അടങ്കൽ - 2002000/-

ചെലവ് – 1320000/-

| ചെലവ് വിവരങ്ങൾ | | റിമാർക്സ് |
|---|---|---|
| ചെലവ് രേഖ | ബിൽ<br>നം.8/16-17<br>തുക 250000/-<br>തീയതി<br>19/12/2016 | ഡി.ഡി.നം.051108 / 20.12.2016 പ്രകാരം പാറക്കടവ് ഗ്രാമപഞ്ചായത്തിന് കൈമാറി |
| | ബിൽ<br>നം.12/16-17<br>തുക 250000/-<br>തീയതി<br>31/12/2016 | ഡി.ഡി.നം.051581 തീയതി 09.01.2017 പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് കൈമാറി |
| | ബിൽ<br>നം.17/16-17<br>തുക 520000/-<br>തീയതി<br>31/1/2017 | ഡി.ഡി.നം.821010 തീയതി 01.02.2017 പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിനും ഡി.ഡി.നം.821011 തീയതി 01.02.2017 പ്രകാരം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിനും കൈമാറി |
| | ബിൽ<br>നം.30/16-17<br>തുക 300000/-<br>തീയതി<br>8/3/2017 | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തു. |

3)

| പ്രോജക്ടിന്റെ പേര് | കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന (ബ്ളോക്ക് വിഹിതം) പഞ്ചായത്തുകൾക്ക് കൈമാറൽ | കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന (ബ്ളോക്ക് വിഹിതം) പഞ്ചായത്തുകൾക്ക് കൈമാറൽ |
|---|---|---|
| നം. | S0086/17 | S0097/17 |
| വിഭാഗം | ജനറൽ, വികസനഫണ്ട് | ജനറൽ, വികസനഫണ്ട് |
| അടങ്കൽ | 400000/- | 479000/- |
| ചെലവ് | 400000/- | 479000/- |

| | | |
|---|---|---|
| ചെലവ് രേഖ | ബിൽനം.21/16-17<br>തീയതി 16/2/2017<br>തുക – 400000/- | ബിൽ നം.31/16-17<br>തീയതി 8/3/2017<br>തുക – 479000/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ചെലവു രേഖകൾ പ്രകാരം (1, 2, 3) തുകകൾ കൈമാറിയെങ്കിലും,രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കാത്തതിനാൽ 3085000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കാലതാമസത്തിന് നിയമാനുസൃതം പിഴ/കോമ്പൻസേഷൻ ഈടാക്കിയില്ല

പ്രോജക്ട് നം. – 32/16 (പുത്തൻവേലിക്കര സി.എച്ച്.സി. നവീകരണം)
എഗ്രിമെന്റ് നം. 19/AEE/LSGD/PKD/15-16/08.02.2016
ബിൽ നം. 8/16-17/10.03.17 – 288283/- രൂപ
8.2.2016-ൽ ആണ് വേലയ്ക്കായി കരാറുകാരനുമായി കരാർ ചമച്ചത്. കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിരുന്നില്ല. വർക്ക് ഓർഡറിന്റെ പകർപ്പും ഫയലിൽ ഇല്ല. എന്നാൽ 13.02.16 ലെ ദർഘാസ് പരസ്യത്തിൽ കാലാവധി4മാസം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് 8.6.16 ൽ വേല പൂർത്തിയാക്കേണ്ടതാണ്. എന്നാൽ വേല പൂർത്തിയാക്കിയത് 20.12.2016 – ൽ മാത്രമാണ്(അവസാന അളവു രേഖപ്പെടുത്തിയ അളവു പുസ്തകം നം.-35/16-17, പേജ് 22 കാണുക.)

യഥാസമയം വേല പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ നിശ്ചിത പൂർത്തീകരണ കാലാവധിക്കകം സമയം ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ കരാർ സമയം ദീർഘിപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല.

പി.ഡബ്ല്യൂ.ഡി.മാന്വൽ 2012 ലെ 2112.1 പ്രകാരം കാലാവധിയ്ക്ക് മുമ്പായി കരാറുകാരൻ അപ്രകാരം അപേക്ഷ സമർപ്പിക്കുന്നില്ലെങ്കിൽ കരാർ കാലാവധിയിൽ കരാർ റദ്ദാവുന്നതും 2116.1 വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം വൈകിയ ഓരോ ആഴ്ച്ചയ്ക്കും കരാർ തുകയുടെ 0.1% വീതം തുക കോമ്പൻസേഷനായി ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| അംഗീകൃത എസ്റ്റിമേറ്റ് | | | 864151 |
| അംഗീകൃത പി.എ.സി. | | = | 829168 |
| കോമ്പൻസേഷൻ | 829168 x0.1%x 24 ആഴ്ച | = | 19900 |

ഇതുമൂലം രൂപ 19900/- അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. .

## 3-4 മരാമത്ത് പണികൾ - യഥാസമയം പൂർത്തിയാവുന്നില്ല

2016-17 സാമ്പത്തിക വർഷം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികകളിൽ ചിലത് പൂർത്തീകരിയ്ക്കുന്നതിന് വർഷങ്ങളുടെ താമസമാണ് നേരിടുന്നത്. അതുമൂലം പദ്ധതികകൾക്ക് ഉദ്ദേശിക്കുന്ന ഫലം ലഭിയ്ക്കാതെ വരുന്നുണ്ട്.പ്ളാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതിപണം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലെ അപാകതകൾ

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പഞ്ചായത്ത് രാജ് നിയമം, ചട്ടം, സബ്സിഡി മാർഗ്ഗരേഖ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ സമയങ്ങളിലായി നടപ്പാക്കിയ ഉത്തരവുകൾ എന്നിവയുമായി ചേർന്നു പോകുന്നതായിരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭിന്നശേഷിയുള്ളവർക്ക് മോട്ടോർ ഘടിപ്പിച്ച വിൽ ചെയർ (പ്രൊജക്ട് നം. 81/17) എന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ നേരിട്ട് പരിശോധിക്കുന്നതിനായി വികലാംഗ ക്ഷേമ ബോർഡിന്റെ സഹകരണത്തോടെ ഒരു മെഡിക്കൽ കാമ്പ് നടത്തി. മേൽ കാമ്പിൽ പങ്കെടുത്ത ഗുണഭോക്താക്കൾ ആരൊക്കെയാണ് എന്ന് കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. കാമ്പിൽ പങ്കെടുത്ത ഗുണഭോക്താക്കളിൽ 16 പേരെ വികലാംഗ ക്ഷേമ ബോർഡ് നിയോഗിച്ച ഡോക്ടർമാർ അംഗീകരിച്ചതായി ലഭ്യമാക്കിയിട്ടുള്ള രേഖയിൽ പ്രസ്തുത സ്ഥാപനത്തിന്റേതാണെന്ന് തെളിയിക്കുന്ന ഒപ്പോ സീലോ കാണുന്നില്ല. മാത്രമല്ല ഏത് മാനദണ്ഡമുപയോഗിച്ചാണ് ഈ രീതിയിൽ 16 പേരെ തെരഞ്ഞെടുത്തിരിക്കുന്നതെന്നും വ്യക്തമല്ല. മേൽ 16 ഗുണഭോക്താക്കളിൽ 7 വ്യക്തികൾക്കാണ് ഉപകരണം നൽകിയിരിക്കുന്നത്.

2. പട്ടിക ജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രൊജക്ട് നം.69/17) എന്ന പ്രൊജക്ടിൽ പാറക്കടവ്, ചെങ്ങമനാട്, കുന്നുകര എന്നീ പഞ്ചായത്തുകളിലെ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനക്രമം പാലിക്കാതെ ധനസഹായം നൽകിയതായി പരിശോധനയിൽ കാണുന്നു.പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ ക്രമ നം.1, 6, 7, 8, 9 എന്നിവരെ ഒഴിവാക്കി ക്രമനം.2, 3, 4, 5, 10 എന്നിവർക്ക് ധനസഹായം നൽകിയതായി കാണുന്നു. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ ക്രമനം 12, 28, 29, 33, 39, 42 എന്നിവർക്കാണ് നൽകിയത്. പ്രസ്തുത പഞ്ചായത്ത് കൃത്യമായ ക്രമനമ്പരിലല്ല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയത്. കുന്നുകര ഗ്രാമപഞ്ചായത്തിലെ ക്രമനം. 1 മുതൽ 9 വരെ നൽകാതെ ക്രമ നം 10 നാണ് ധനസഹായം നൽകിയിരിക്കുന്നത്.

മേൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് (പ്രൊജക്ട് നം.29/17) എന്ന പദ്ധതിയിലേക്ക് പാറക്കടവ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിലെ 6, 8 എന്നീ ക്രമനമ്പരുകാർക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. മറ്റു പഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്താക്കൾ ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ വനിത സംഘങ്ങൾക്ക് പച്ചക്കറി തൈകൾ വിതരണം (പ്രൊജക്ട് നം.95/17) എന്ന പദ്ധതിയിൽ നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, പാറക്കടവ്, കുന്നുകര, ചെങ്ങമനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട യഥാക്രമം 10, 5, 5, 3, 8 എന്നീ എണ്ണം സംഘങ്ങൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടില്ല. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത യഥാക്രമം 6, 2, 5, 3, 7 എന്നീ എണ്ണം സംഘങ്ങൾക്ക് പച്ചക്കറി തൈകൾ നൽകിയതായി കാണുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 2, 8, 9) നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം നൽകിയ മറുപടി പരിശോധിച്ചു. മുൻഗണനക്രമം തെറ്റിയെങ്കിലും വിവിധ സഹായങ്ങൾ അർഹരായവർക്ക് തന്നെയാണ് ലഭിച്ചതെന്ന മറുപടി ഓഡിറ്റ് വേളയിൽ ബോദ്ധ്യപ്പെട്ടതു കൊണ്ടും അപാകതകൾ ആവർത്തിക്കില്ല എന്ന ഉറപ്പ് മുഖവിലക്കെടുത്തു കൊണ്ടും നിർവഹണ ഉദ്യോഗസ്ഥർ നൽകിയ മറുപടി അംഗീകരിക്കുന്നു.

. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(1). ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ എണ്ണവും ഓരോ പദ്ധതികൾക്കുള്ള മാനദണ്ഡവും ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണവും ഗ്രാമ പഞ്ചായത്തുകളെ രേഖാ മൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്.
(2). ബ്ളോക്ക് പഞ്ചായത്തിന്റെ പദ്ധതികളുടെ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഗുണഭോക്താക്കളുടെ അപേക്ഷ സഹിതം അയച്ച് തരാൻ ഗ്രാമ പഞ്ചായത്തുകളോട് ആവശ്യപ്പെടേണ്ടതാണ്.
(3). ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ലിസ്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിച്ച് രേഖകൾ ബോദ്ധ്യപ്പെട്ടതിന് ശേഷം ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് വേണ്ടി കരട് രൂപത്തിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലും ബ്ളോക്ക് പഞ്ചായത്തിലും ഒരേ സമയം പ്രസിദ്ധപ്പെടുത്തണം.

പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിലെ ഏതെങ്കിലും വ്യക്തി അയോഗ്യനാണെങ്കിൽ ആയതിന്റെ കാരണവും രേഖപ്പെടുത്താവുന്നതാണ്.

(4). ഏതെങ്കിലും പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കൾ ഇല്ലെങ്കിൽ ആയത് രേഖാമൂലം ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെടാവുന്നതാണ്.

